# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 18.03.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. റെയ്സിന സംഭാഷണത്തിന്റെ പത്താമത് പതിപ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും സംയുക്തമായി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.

   **The 10th edition of the Raisina Dialogue was jointly inaugurated in New Delhi by Prime Minister Narendra Modi and New Zealand Prime Minister Christopher Luxon.**

2. പ്രതിരോധ, വ്യാപാര മേഖലകളിലെ സുപ്രധാന കരാറുകൾക്ക് ഇന്ത്യയും ന്യൂസിലൻഡും തമ്മിൽ ധാരണയായി.

   **India and New Zealand signed key agreements in defence and trade.**

3. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും അമേരിക്കൻ ദേശീയ ഇന്റലിജന്റ്സ് ഡയറക്ടർ തുൾസി ഗബ്ബാർഡും ന്യൂഡൽഹിയിൽ പ്രതിരോധ സഹകരണവും രഹസ്യാന്വേഷണ കൈമാറ്റവും അവലോകനം ചെയ്തു.

   **Defence Minister Rajnath Singh and US Director of National Intelligence Tulsi Gabbard review defence cooperation and intelligence sharing in New Delhi.**

4. റെയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജനങ്ങൾക്ക് സുഖകരവും താങ്ങാനാവുന്നതുമായ യാത്രാ സൗകര്യം ഉറപ്പാക്കാനും കേന്ദ്ര സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

**Union Minister Ashwini Vaishnav said that the Central Government has taken several steps to improve rail infrastructure and ensure comfortable and affordable travel facilities for the people.**

5. വികസനം, ക്ഷേമ പ്രവർത്തനങ്ങൾ, സമൂഹത്തിന്റെ പൊതുസ്ഥിതി തുടങ്ങിയ വിവിധ മേഖലകളിൽ കേരളം രാജ്യത്തിനുതന്നെ മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan said that Kerala is a role model for the country in various areas such as development, welfare activities, and the general condition of the society.**

6. ഇംഗ്ലണ്ടിൽ നടക്കുന്ന കബഡി ലോകകപ്പ് മത്സരത്തിന്റെ ആദ്യ ദിനത്തിൽ ഇറ്റലിയക്കെതിരെ, ഇന്ത്യൻ പുരുഷ ടീമിന് വിജയത്തുടക്കം.

   **The Indian men's team defeated Italy on the first day of the Kabaddi World Cup in England.**

✪✪✪✪✪✪✪✪✪✪✪✪✪✪

## RAISINA DIALOGUE

റെയ്സിന സംഭാഷണത്തിന്റെ പത്താമത് പതിപ്പിന് ന്യൂഡൽഹിയിൽ തുടക്കം; പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും സംയുക്തമായി ഉദ്ഘാടനം ചെയ്തു. ലോകത്തിൽ സാമ്പത്തികമായി ഏറ്റവും ചലനാത്മകമായ മേഖലയുടെ ഭാഗമാകാൻ കഴിഞ്ഞത് ഇന്ത്യയുടേയും ന്യൂസിലന്റിന്റെയും സൗഭാഗ്യമാണെന്ന് മുഖ്യപ്രഭാഷണത്തിൽ ന്യൂസിലൻഡ് പ്രധാനമന്ത്രി പറഞ്ഞു. തുടർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂസിലൻഡ് പ്രധാനമന്ത്രിയും ദേശീയ തലസ്ഥാനത്തെ ഗുരുദ്വാര റകബ് ഗഞ്ചിൽ പ്രാർത്ഥന നടത്തി.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## INDIA - NEW ZEALAND (INTRO)

പ്രതിരോധ, വ്യാപാര മേഖലകളിലെ സുപ്രധാന കരാറുകൾക്ക് ഇന്ത്യയും ന്യൂസിലൻഡും തമ്മിൽ ധാരണയായി. ഭീകരത, വിഘടനവാദം, തീവ്രവാദ പ്രവർത്തനങ്ങൾ എന്നിവയ്ക്കെതിരെ സഹകരണം ശക്തമാക്കാനും തീരുമാനമായി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂസിലൻഡ്

പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും തമ്മിൽ ന്യൂഡൽഹിയിൽ നടന്ന ഉഭയകക്ഷി കൂടിക്കാഴ്ചയിലാണ് ധാരണ. വ്യാപാരവും നിക്ഷേപവും വർദ്ധിപ്പിക്കുന്നതിനായി സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച് ചർച്ചകൾ ആരംഭിക്കാനും ഇരു രാജ്യങ്ങളും തീരുമാനിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

ഇന്ത്യയിൽ നയതന്ത്ര സാന്നിധ്യം വർദ്ധിപ്പിക്കുമെന്ന് ന്യൂസിലൻഡ് പ്രധാനമന്ത്രി അറിയിച്ചു. അഞ്ചു ദിവസത്തെ ഇന്ത്യ സന്ദർശനത്തിനെത്തിയ ന്യൂസിലൻഡ് പ്രധാനമന്ത്രിയും സംഘവും ഇന്നലെ രാഷ്ട്രപതി ദ്രൗപദി മുർമുവുമായും കൂടിക്കാഴ്ച നടത്തി.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## PREZ- NAVAL TRAINEES

ലോകമെമ്പാടുമുള്ള ഏറ്റവും പുതിയ സാങ്കേതിക വിദ്യകളെക്കുറിച്ച് നിരന്തരം അറിവ് നേടണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഇന്ത്യൻ നേവൽ മെറ്റീരിയൽ മാനേജ്മെന്റ് സർവീസിലെയും ആർമമെന്റ് സർവീസിലെയും ഓഫീസർ ട്രെയിനികളുമായി രാഷ്ട്രപതി ഭവനിൽ സംവദിക്കുകയായിരുന്നു രാഷ്ട്രപതി. ആഗോളതലത്തിൽ ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്ന ഇക്കാലത്ത് രാജ്യങ്ങൾ സമുദ്ര സഹകരണം വർദ്ധിപ്പിക്കുകയും സംയുക്ത അഭ്യാസങ്ങൾ നടത്തുകയും ചെയ്യേണ്ടത് അനിവാര്യമാണെന്നും രാഷ്ട്രപതി പറഞ്ഞു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## RAJNATH- US TULSI GABBARD

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അമേരിക്കൻ ദേശീയ ഇന്റലിജൻസ് ഡയറക്ടർ തുൾസി ഗബ്ബാർഡുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ-യു.എസ് പ്രതിരോധ സഹകരണവും രഹസ്യാന്വേഷണ കൈമാറ്റവും ഇരുനേതാക്കളും അവലോകനം ചെയ്തു. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള സഹകരണത്തിന്റെ പ്രധാന സ്തംഭമായി നയതന്ത്ര സുരക്ഷ നിലനിൽക്കുന്നുണ്ടെന്ന് ഇരുവരും കൂടിക്കാഴ്ചയിൽ അഭിപ്രായപ്പെട്ടു. സൈനികാഭ്യാസങ്ങൾ, തന്ത്രപരമായ സഹകരണം, തുടങ്ങിയവയിലെ പുരോഗതിയും അവലോകനം ചെയ്തതായി പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

## ASWINI VAISHNAW ( INTRO

റെയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജനങ്ങൾക്ക് സുഖകരവും താങ്ങാനാവുന്നതുമായ യാത്രാ സൗകര്യം ഉറപ്പാക്കാനും കേന്ദ്ര സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. റെയിൽവേ മന്ത്രാലയത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് രാജ്യസഭയിലെ ചർച്ചയ്ക്ക് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

( വോയിസ്..... )

2020 മുതൽ ട്രെയിൻ യാത്രാ നിരക്ക് വർദ്ധിപ്പിച്ചിട്ടില്ലെന്നും ശ്രീ. വൈഷ്ണവ് പറഞ്ഞു. കഴിഞ്ഞ പത്ത് വർഷത്തിനിടെ റെയിൽവേ അഞ്ച് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായും രാജ്യത്ത് റെയിൽ അപകടങ്ങൾ കുറയ്ക്കാനാണ് സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

## IRELAND - INDIA

ഇന്ത്യയും അയർലൻറ്റും തമ്മിലുള്ള ഗവേഷണ - അക്കാദമിക് മേഖലയിലെ സഹകരണം വളർത്തിയെടുക്കുന്നതിന് ഇന്ത്യൻ സർവകലാശാലകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സന്ദർശിക്കുമെന്ന് അയർലൻഡ് മന്ത്രി ജെയിംസ് ലോലെസ് പറഞ്ഞു. ഇന്ത്യ സന്ദർശനത്തിന്റെ ഭാഗമായി ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ശ്രീ.ലോലെസ് ന്യൂഡൽഹി, മുംബൈ, ചെന്നൈ എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്ന ഉന്നതതല യോഗങ്ങളിൽ പങ്കെടുക്കും. 9,000-ത്തിലധികം ഇന്ത്യൻ വിദ്യാർത്ഥികൾ അയർലണ്ടിൽ വിവിധ മേഖലകളിൽ പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും അയർലണ്ട് മന്ത്രി പറഞ്ഞു. ലോലെസിന്റെ സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി ജയ്ശങ്കർ പറഞ്ഞു.

## MAOISTS

ഛത്തീസ്ഗഡിൽ 20 മാവോയിസ്റ്റുകൾ സുരക്ഷാ സേനയ്ക്ക് മുന്നിൽ കീഴടങ്ങി. ബിജാപൂർ ജില്ലയിൽ പത്തൊൻപത് പേരും, കൊണ്ടഗാവ് ജില്ലയിൽ ഒരാളുമാണ് കീഴടങ്ങിയത്. ഇവർക്ക് ഇരുപത്തിയൊമ്പത് ലക്ഷം രൂപയുടെ പുനരധിവാസ സഹായം ലഭിക്കും. അതേസമയം, ദന്തേവാഡയിലെ മാലേവാഹി പ്രദേശത്ത് നടത്തിയ തെരച്ചിലിനിടെ സുരക്ഷാ സേന അഞ്ച് കിലോ ഐഇഡി കണ്ടെടുത്ത് നിർവീര്യമാക്കി.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## APPROPRIATION BILL

ഈ വർഷത്തെ ധനവിനിയോഗ ബിൽ, രണ്ടാം ധനവിനിയോഗ ബിൽ, മണിപ്പൂർ ധനവിനിയോഗ ബിൽ, 2025-ലെ മണിപ്പൂർ ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവ രാജ്യസഭ ഇന്നലെ ചർച്ചക്കെടുത്തു. ബിജെപിയുടെ അജിത് മാധവറാവു ഗോപ്ചാഡെ, കോൺഗ്രസിന്റെ ശക്തിസിങ് ഗോഹിൽ, സിപിഐ എമ്മിന്റെ ബികാഷ് രഞ്ജൻ ഭട്ടാചാര്യ, തൃണമൂൽ കോൺഗ്രസിന്റെ സുഷ്മിത ദേവ്, എന്നിവരുൾപ്പെടെ നിരവധി അംഗങ്ങൾ ബില്ലുകളെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്തു. പാർലമെന്റ് നടപടികൾ ഏറെ വൈകിയും തുടർന്നു.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## MAHA-NAGPUR VIOLENCE

മഹാരാഷ്ട്രയിലെ നാഗ്പൂരിൽ മതചിഹ്നങ്ങൾ നശിപ്പിച്ചതായി ആരോപിച്ച് രണ്ടു സംഘങ്ങൾ തമ്മിൽ സംഘർഷം. അക്രമങ്ങൾ നടത്തിയ 15 ഓളം പേരെ പോലീസ് അറസ്റ്റ് ചെയ്തു. കിംവദന്തികൾ വിശ്വസിക്കരുതെന്നും സമാധാനവും ഐക്യവും നിലനിർത്തണമെന്നും കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയും മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസും ജനങ്ങളോട് അഭ്യർത്ഥിച്ചു. ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിനായി പ്രദേശത്ത് നിരോധനാജ്ഞ ഏർപ്പെടുത്തി.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## NASA - SPACEX

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഒമ്പത് മാസത്തിലേറെയായി കുടുങ്ങിക്കിടക്കുന്ന ബഹിരാകാശയാത്രികരായ സുനിത വില്യംസിനെയും ബുച്ച് വിൽമോറിനെയും ഇന്ന് രാത്രി ഭൂമിയിലേക്ക് എത്തിക്കും. സ്പേസ് എക്സ് ക്രൂ ഡ്രാഗൺ ക്രാഫ്റ്റിലാണ് ഇരുവരെയും ഭൂമിയിലേക്ക് തിരികെ എത്തിക്കുന്നതെന്ന് നാസ പ്രസ്താവനയിൽ പറഞ്ഞു. ആദ്യ പരീക്ഷണ യാത്രയിൽ ബോയിംഗ് സ്റ്റാർലൈനർ ബഹിരാകാശ പേടകത്തിന് പ്രൊപ്പൽഷൻ പ്രശ്നങ്ങൾ ഉണ്ടായതിനെത്തുടർന്നാണ് ജൂൺ മുതൽ രണ്ടുപേരും അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ കുടുങ്ങിയത്.

## KABADDI WORLD CUP

ഇംഗ്ലണ്ടിൽ നടക്കുന്ന കബഡി ലോകകപ്പ് മത്സരങ്ങളിൽ ഇന്ത്യൻ പുരുഷ ടീമിന് വിജയത്തുടക്കം. ഇന്നലെ നടന്ന മത്സരത്തിൽ ഇറ്റലിയെയാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. നേരത്തെ, ടൂർണമെന്റിന്റെ ഉദ്ഘാടന മത്സരത്തിൽ ആതിഥേയരായ ഇംഗ്ലണ്ട് ഹംഗറിയെ പരാജയപ്പെടുത്തിയിരുന്നു. പുരുഷ, വനിതാ വിഭാഗങ്ങളിൽ നിലവിലെ ചാമ്പ്യന്മാരാണ് ഇന്ത്യ.

## CM ASSEMBLY

വികസനം, ക്ഷേമ പ്രവർത്തനങ്ങൾ, സമൂഹത്തിന്റെ പൊതുസ്ഥിതി തുടങ്ങിയ വിവിധ മേഖലകളിൽ കേരളം രാജ്യത്തിനുതന്നെ മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭയിലെ ധനാഭ്യർത്ഥന ചർച്ചയ്ക്ക് മറുപടി നൽകുകയായിരുന്നു അദ്ദേഹം. ലഹരിക്കടത്ത് തടയുന്നതിൽ കേരളത്തിലെ പോലീസും എക്സൈസും മറ്റു സംവിധാനങ്ങളും മാതൃകാപരമായ ഇടപെടലുകളാണ് നടത്തുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. വയനാട്ടിൽ ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനായുള്ള ടൗൺഷിപ് നിർമ്മാണത്തിന് ഈ മാസം തന്നെ തുടക്കം കുറയ്ക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. കേരള നിയമസഭാ സമ്മേളനം ഇന്നും തുടരും.

## MB RAJESH

തദ്ദേശസ്ഥാപനങ്ങളിൽ നവീന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഡിജിറ്റൽ നവീകരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുമെന്ന് തദ്ദേശ സ്വയംഭരണ, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം ബി രാജേഷ് പറഞ്ഞു. നവീകരിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റിന്റെ പ്രകാശനം നിർവഹിക്കുകയായിരുന്നു മന്ത്രി. അഴിമതി രഹിത തദ്ദേശ സ്ഥാപനങ്ങൾ എന്ന ലക്ഷ്യത്തിനായി അഴിമതിക്കെതിരെ പരാതി നൽകാനുള്ള സിംഗിൾ വാട്സാപ്പ് നമ്പറും (807 806 60 60) ചടങ്ങിൽ മന്ത്രി പ്രഖ്യാപിച്ചു.

## ASHA WORKER -HONARARIUM

ആശാ പ്രവർത്തകർക്ക് ഓണറേറിയം അനുവദിക്കുന്നതിന് നിശ്ചയിച്ച പത്ത് മാനദണ്ഡങ്ങളും പിൻവലിച്ച് കേരള സർക്കാർ. പ്രതിമാസ ഇൻസെന്റീവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിലും സർക്കാർ ഭേദഗതി വരുത്തി. സമരത്തിന്റെ വിജയമാണ് തീരുമാനമെന്ന് ആശാപ്രവർത്തകർ പ്രതികരിച്ചു. അതേസമയം, തങ്ങൾ ഉന്നയിച്ച ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കാത്ത സാഹചര്യത്തിൽ, ഈ മാസം 20 മുതൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കുമെന്നും സമരസമിതി അറിയിച്ചു.

## MUNAMBAM-HIGHCOURT

മുനമ്പം വഖഫ് ഭൂമി തർക്കവുമായി ബന്ധപ്പെട്ട് ജുഡീഷ്യൽ കമ്മീഷനെ നിയോഗിച്ച സംസ്ഥാന സർക്കാർ നടപടി ഹൈക്കോടതി റദ്ദാക്കി. വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അവകാശം വഖഫ് ബോർഡിനും വഖഫ് ട്രിബ്യൂണലിനും ആണെന്നും ഹൈക്കോടതി വ്യക്തമാക്കി. വഖഫ് സംരക്ഷണവേദി നൽകിയ ഹർജിയിലാണ് ഹൈക്കോടതി സിംഗിൾ ബെഞ്ചിൻറെ ഉത്തരവ്. മുനമ്പത്ത് താമസിക്കുന്നവർക്ക് ഭാവിയിൽ ഒരു വ്യവഹാരവും ഉണ്ടാകാത്ത തരത്തിലുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ആവശ്യപ്പെട്ടു. മുനമ്പം ജുഡീഷ്യൽ കമ്മീഷൻ ഹൈക്കോടതി റദ്ദാക്കിയ

സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ജനങ്ങളോട് മാപ്പ് പറയണമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ പറഞ്ഞു.

## US-H7N9 BIRD FLU

അമേരിക്കയിൽ മാരകമായ H7N9 പക്ഷിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ടു. 2017 ന് ശേഷം ഇതാദ്യമായാണ് പക്ഷിപ്പനി യു എസ്സിൽ പൊട്ടിപ്പുറപ്പെടുന്നത്. പക്ഷിപ്പനി മറ്റ് കന്നുകാലികളിലേക്ക് പടരുകയും അത് കാരണം ഭക്ഷ്യവസ്തുക്കൾക്ക് വൻ ക്ഷാമം ഉണ്ടായി തുടങ്ങുകയും ചെയ്തിട്ടുണ്ട്. H7N9 പക്ഷിപ്പനി വൈറസ് ലോകമെമ്പാടുമുള്ള മനുഷ്യരിൽ ഉയർന്ന മരണനിരക്ക് ഉണ്ടാക്കുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

## KOZHIKODE ACCIDENT

കോഴിക്കോട് പന്തീരാങ്കാവ് ഹൈവേയിൽ ടോറസ് ലോറിയും ഇന്നോവ കാറും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. കണ്ണൂർ നാറാത്ത് കൊളച്ചേരി സ്വദേശി മുഹമ്മദ് ഷിഫാസാണ് മരിച്ചത്. അപകടത്തിൽ 4 പേർക്ക് പരുക്കേറ്റു.

## US - RUSSIA

റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനും യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപും തമ്മിലുള്ള ചർച്ചകൾക്ക് ധാരണയായതായി സ്ഥിരീകരിച്ച് റഷ്യ. ഇരു നേതാക്കളും തമ്മിലുള്ള സംഭാഷണത്തിന് തയ്യാറെടുക്കുകയാണെന്ന് ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ് അറിയിച്ചു. അതേസമയം ഏത് വിഷയത്തിലാണ് ഇരുവരും ആശയവിനിമയം നടത്തുക എന്നതിനെക്കുറിച്ച് വ്യക്തമാക്കിയിട്ടില്ല.